**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **22.03.2018 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : T4710**

**ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി യൂണിറ്റ് ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തത്വത്തിൽ തീരുമാനമെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനായിയിട്ടുള്ള ഉന്നതതല കമ്മിറ്റി, കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ് പ്രതിനിധികളു മായി ചർച്ച നടത്തിവരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങളിലെ തീരുമാനം അറിയിക്കാമോ; | | ഏറ്റെടുക്കലിന്റെ ഭാഗമായി ആസ്തികളുടെ ധനപരമായ കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 31.03.2017 ലെ കണക്കുകൾ പ്രകാരം കമ്പനിയുടെ അറ്റ ആസ്തിമൂല്യം 53.02 കോടി രൂപയാണെന്ന് വിലയിരുത്തിയിട്ടുണ്ട്. 31.03.2017 ന ശേഷം കമ്പനി ചെലവഴിച്ച തുകകൾ കൂടി കണക്കിലെടുത്തതിനുശേഷമേ ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കു വാൻ സാധിക്കുകയുള്ളൂ. ഇതിനായി ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.<br>ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹൈക്കോടതിയിൽ |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്ന കേസുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയും ജീവനക്കാരും തമ്മിൽ തീർപ്പാക്കുന്നതായിരിക്കും.<br>ഔപചാരികമായ ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി തയ്യാറാക്കുന്ന ധാരണാപത്രം പരിശോധിച്ച് തുടർനടപടി ക്രമങ്ങളിൽ സർക്കാരിന് ശുപാർശ നൽകുന്നതിനുമായി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രി, ഗവൺമെന്റ് ഓഫ് കേരള എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കാൻ 22.02.2018 ൽ കൂടിയ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഉന്നതതല കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചതിൻപ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | പൂർണ്ണമായും സംസ്ഥാന സർക്കാർ സംരംഭമായാണോ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി യൂണിറ്റിനെ നിലനിർത്താൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിനെ, സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് തത്വത്തിൽ തീരുമാനിച്ചിരിക്കുന്നത്. |

Bindu T

**സെക്ഷൻ ഓഫീസർ**